**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3422** **01-03-2023 - ൽ മറുപടിയ്ക്ക്**

**പുരാവസ്തുവകുപ്പ് വഴി അനുവദിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2023-24 വരെ ബഡ്ജറ്റിൽ പുരാവസ്തുവകുപ്പ് വഴി അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തൃശ്ശൂർ നിയോജക മണ്ഡലത്തിൽ 2016-2017 മുതൽ 2023-2024 വരെ ബഡ്ജറ്റിൽ പരാമർശിച്ചതും പുരാവസ്തു വകുപ്പ് വഴി നിർവ്വഹിക്കേണ്ടതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>i. 2018-19 സാമ്പത്തിക വർഷം തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ മ്യൂസിയങ്ങളുടെ സജ്ജീകരണത്തിനായി 6.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതുപ്രകാരം തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു നൽകിയിട്ടുണ്ട്.<br><br>ii. 2020-21 സാമ്പത്തിക വർഷം തൃശ്ശൂരിലുള്ള തെക്കേമഠം നിർമ്മിതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ ബഡ്ജറ്റിൽ വകയിരിത്തിയിരുന്നു. ടി സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 1,00,28,000/- രൂപയുടെ ഭരണാനുമതി നൽകി. ഇതുപ്രകാരമുള്ള സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാത്ത പദ്ധതികളുടെ വിവരവും ആയതിന്റെ കാരണവും ലഭ്യമാക്കാമോ? | (ബി) | 2022 ഏപ്രിൽ 17 നാണ് തൃശ്ശൂർ തെക്കേമഠം സമഗ്ര സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് ആരംഭിച്ചത്. ഘടനാപരമായി വളരെ മോശം അവസ്ഥയിലായിരുന്ന തെക്കേമഠത്തിന്റെ സമഗ്രസംരക്ഷണ പ്രവൃത്തികൾ വളരെയേറെ സമയം ആവശ്യപ്പെടുന്നവയാണ്. 60 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തിയാക്കിക്കഴിഞ്ഞു. നിത്യാരാധന, സവിശേഷമായ ആചാരക്രമങ്ങൾ എന്നിവ നിലനിന്നു പോരുന്ന തെക്കേ മഠത്തിൽ ദിനം പ്രതി 6 മണിക്കൂറിൽ കൂടുതൽ പ്രവൃത്തി സമയം ലഭ്യമല്ല. അതുകൊണ്ടാണ് സംരക്ഷണ പ്രവർത്തികൾക്ക് |

| | | | |
|---|---|---|---|
| | | | കാലതാമസം ഉണ്ടാകുന്നത്. 2023 ആഗസ്റ്റോടെ പ്രവൃത്തി പൂർത്തികരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ